(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്ര പ്രവൃത്തികൾ ഇതിനകം പൂർത്തിയാക്കി; പൂർത്തിയാക്കിയ പ്രവൃത്തികൾക്കായി പ്രസ്തുത സൊസൈറ്റിക്ക് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എന്ത് തുക നൽകി?

(എ & ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പുതുതായി എന്തെങ്കിലും പ്രവർത്തികൾ ഏല്പിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക എത്രയാണ്?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് modification of existing Rest room for Security Guards, Drivers, Gunman, Ladies Servant/Attendents etc at Cliff House, Thiruvananthapuram എന്ന പ്രവൃത്തി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുക Rs. 9800000 (തൊണ്ണൂറ്റിയെട്ട് ലക്ഷം രൂപ).

തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണം

19 (768) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 ബജറ്റുകളിൽ യഥാക്രമം 30 കോടി രൂപയും 37 കോടി രൂപയും അനുവദിച്ചിട്ടുള്ളതും കിഫ്ബിയിൽ ഉൾപ്പെടുത്തിയതുമായ തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

തങ്കളം-കാക്കനാട് റോഡ് നാലുവരിപ്പാത നിർമ്മാണത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെട്ട കോതമംഗലം മണ്ഡലത്തിലെ മാന്നാറി മൈക്രോസ്റ്റേഷൻ മുതൽ തങ്കളം വരെയുള്ള (20/000 മുതൽ 27/300 കി.മീ.) റോഡിന്റെ 25/900 മുതൽ 27/300 (തങ്കളം ജംഗ്ഷൻ) വരെ പൂർത്തീകരിച്ചതൊഴികെ ബാക്കി ഭാഗങ്ങളിലെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

(ബി) 255 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചുവെങ്കിലും ആയതിന് അംഗീകാരം ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

---

*നിയമസഭാ വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മേൽ പ്രവൃത്തിക്കായി 225 കോടി രൂപയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ച ഡി.പി.ആർ. പ്രാഥമിക സാങ്കേതിക അവലോകന റിപ്പോർട്ടിന്മേൽ മറുപടി റിപ്പോർട്ട്, റിവൈസ്ഡ് ഡി.പി.ആർ. സഹിതം സാമ്പത്തിക അനുമതിക്കായി കിഫ്ബിക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി 12-2-2021-ൽ പുതുക്കി നൽകിയിട്ടുണ്ട്.

(ഡി) ഭരണാനുമതി പുതുക്കി നൽകി പ്രസ്തുത പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രവൃത്തി ആരംഭിക്കുന്നതിനായി റിവൈസ്ഡ് ഡി.പി.ആർ.-ന് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതുൾപ്പെടെയുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു.

കല്ല്യാശ്ശേരി മണ്ഡലത്തിലെ റോഡ് പ്രവൃത്തി

20 (769) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചന്നപ്പുര-പരിയാരം മെഡിക്കൽ കോളേജ് - ശ്രീസ്ഥ - വെള്ളിക്കീൽ - ഒഴക്രോം - കണ്ണപ്പുരം റോഡ്, തളിപ്പറമ്പ് - പട്ടുവം - ചെറുകുന്ന് റോഡ്, കൂപ്പം - മുടല - പാണപ്പുഴ - ഏര്യം റോഡ്, ഏഴിലോട് - ഏഴിമല റെയിൽവെസ്റ്റേഷൻ - പുതിയപുഴക്കര എന്നീ റോഡ് പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ചന്ദപ്പുര - പരിയാരം മെഡിക്കൽ കോളേജ് - ശ്രീസ്ഥ- വെള്ളീക്കീൽ - ഒഴക്രോം - കണ്ണപുരം റോഡ് പ്രവൃത്തി 70 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ബിറ്റുമിൻ കോൺക്രീറ്റ് റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെ ബാക്കിയുള്ള പ്രവൃത്തികൾ കോവിഡ്-19 അടച്ചുപൂട്ടലും മഴക്കാലവും കഴിയുന്നതോടെ 2021 ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ റോഡ് സുഗമമായ ഗതാഗത സൗകര്യത്തോടുകൂടിയാണ് സ്ഥിതിചെയ്യുന്നത്. തളിപ്പറമ്പ് - പട്ടുവം - ചെറുകുന്ന് റോഡ് പ്രവൃത്തി 90 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. റോഡ് സുരക്ഷ പ്രവൃത്തികൾകൂടി പൂർത്തിയാക്കി 2021 ഒക്ടോബർ

LIBRARY ARCHIVES Kerala Legislative Assembly